# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം: 4879** | **27.06.2014 -ൽ മറുപടി നൽകേണ്ടത്**

### കെട്ടിട നികുതിയുടെ അഞ്ച് ശതമാനം ലൈബ്രറി കൗൺസിലിന് കൈമാറണം എന്ന നിയമത്തിന് ഭേദഗതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി | | ഡോ. എം. കെ. മുനീർ<br>പഞ്ചായത്തും സാമൂഹ്യനീതിയും<br>വകുപ്പു മന്ത്രി | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പിരിച്ചെടുക്കുന്ന കെട്ടിട നികുതിയുടെ അഞ്ച് ശതമാനം ലൈബ്രറി കൗൺസിലിന് കൈമാറണം എന്ന നിയമത്തിൽ എന്തെങ്കിലും ഭേദഗതി വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; | (എ) | കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വസ്തു നികുതിയോടൊപ്പം വസ്തു നികുതിയുടെ 5% വരുന്ന തുക ലൈബ്രറി സെസ്സ് ആയി പിരിച്ചെടുക്കുന്നു. ഇപ്രകാരം പിരിച്ചെടുക്കുന്ന തുക സംസ്ഥാന ലൈബ്രറി കൗൺസിലിന് കൈമാറി വരുന്നു. 2000 -ലെ കേരള അധികാര വികേന്ദ്രീകരണ നിയമത്തിലെ 35-ാം വകുപ്പിലും 1989-ലെ കേരള പബ്ലിക ലൈബ്രറീസ് (കേരള ഗ്രന്ഥശാല സംഘം) നിയമത്തിലും വന്നിട്ടുള്ള ഭേദഗതി പ്രകാരം ലൈബ്രറി സെസ്സ് പിരിച്ചെടുത്ത് 3 മാസത്തിനുള്ളിൽ ലൈബ്രറി കൗൺസിലിന് കൈമാറേണ്ടതുണ്ട്. ഈ നിയമത്തിൽ എന്തെങ്കിലും ഭേദഗതി വരുത്തുവാൻ ഉദ്ദേശിക്കുന്നില്ല. |
| (ബി) | ഇതു സംബന്ധിച്ച് അഭിപ്രായം അറിയിക്കുന്നതിന് ഏതെങ്കിലും കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ; | (ബി) | ഇല്ല. |
| (സി) | ലൈബ്രറി കൗൺസിലിന് ലഭിക്കേണ്ട നികുതിവിഹിതം വകമാറ്റി നൽകുന്നതിന് നിർദ്ദേശം ലഭിച്ചതായി സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഏതെങ്കിലും വെബ്സൈറ്റിൽ പ്രചരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | ഉണ്ടെങ്കിൽ അത് നീക്കം ചെയ്യുന്നതിനായി നിർദ്ദേശം നൽകുമോ ? | (ഡി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ